14
ഞായർ
മെയ് 2023
1198 മേടം 30
പേജ് 16, വില ₹ 9.00

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം


# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com


## കർണാടകത്തിൽ കോൺഗ്രസിന് ഭൂരിപക്ഷം

# തെന്നിന്ത്യ ബിജെപിയെ തൂത്തെറിഞ്ഞു




■ തോറ്റത് മോദി ■ ബിജെപിയുടെ 11 മന്ത്രിമാർ തോറ്റു ■ മുഖ്യമന്ത്രിയെ നിർണയിക്കൽ കീറാമുട്ടി; തീരുമാനം ഇന്ന് ■ അച്ഛനാണ് മുഖ്യമന്ത്രിയെന്ന് സിദ്ദരാമയ്യയുടെ മകൻ യതീന്ദ്ര ■ ബിജെപി വിട്ട് കോൺഗ്രസിലെത്തിയ മുൻ മുഖ്യമന്ത്രി ജഗദീഷ് ഷെട്ടാർ തോറ്റു ■ സീറ്റിനുവേണ്ടി പാർടിമാറിയവരിൽ ഭൂരിപക്ഷത്തിനും കാലിടറി ■ കോൺഗ്രസ് 42.9 ശതമാനം വോട്ട് നേടി ■ കർണാടക ജനതയെ അഭിനന്ദിച്ച് സിപിഐ എം ■ മലയാളികളായ യു ടി ഖാദർ, എൻ എ ഹാരിസ്, കെ ജെ ജോർജ് എന്നിവർക്ക് ജയം

**സ്വന്തം ലേഖകൻ**

**ബംഗളൂരു**

ദക്ഷിണേന്ത്യയിൽ ബിജെപി അധികാരത്തിലുണ്ടായിരുന്ന ഏക തുരുത്തും ജനരോഷത്തിൽ ഒലിച്ചുപോയി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും തമ്പടിച്ച് പ്രചാരണം നടത്തിയ കർണാടകത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കനത്ത തോൽവി. കോൺഗ്രസ് സുരക്ഷിത ഭൂരിപക്ഷം നേടി. തൂക്കുസഭയെന്ന പ്രവചനത്തിൽ പ്രതീക്ഷയർപ്പിച്ച് 'കിങ് മേക്കറാകാൻ' ഒരുങ്ങിയിരുന്ന ജെഡിഎസിനും അടിതെറ്റി.

ആകെയുള്ള 224 സീറ്റിൽ കോൺഗ്രസ് 136, ബിജെപി 65, ജെഡിഎസ് 19, മറ്റുകക്ഷികൾ നാല് എന്നിങ്ങനെയാണ് കക്ഷിനില. 2018നെക്കാൾ 56 സീറ്റ് കോൺഗ്രസ് അധികമായി നേടി. ബിജെപിക്ക് 39സീറ്റും ജെഡിഎസിന് 18ഉം നഷ്ടമായി. കോൺഗ്രസ് 42.9 ശതമാനം, ബിജെപി 36, ജെഡിഎസ് 13.3 എന്നിങ്ങനെയാണ് വോട്ടുവിഹിതം.

വർഗീയത ആളിക്കത്തിച്ച് ബിജെപി സന്നാഹമാകെ സംസ്ഥാനം ഇളക്കിമറിച്ചെങ്കിലും കടുത്ത ഭരണവിരുദ്ധ വികാരത്തിനുമുന്നിൽ തോറ്റമ്പി. ജന വികാരം അനകൂലമായതോടെ കോൺഗ്രസ് വിജയത്തിലേക്ക് കുതിച്ചു. ബിജെപിയുടെ 11 മന്ത്രിമാർ തോറ്റു. തൂക്കുസഭയെന്ന എക്സിറ്റ് പോളുകളെ നിഷ്പ്രഭമാക്കിയാണ് കോൺഗ്രസ് മേൽക്കൈ നേടിയത്. ബിജെപിയുടെ ചാക്കിട്ടു പിടുത്തത്തെ അതിജീവിക്കാനുള്ള ഭൂരിപക്ഷം ലഭിച്ച ആശ്വാസത്തിലാണ് കോൺഗ്രസ് നേതൃത്വം.

അതേസമയം, മുഖ്യമന്ത്രി തെരഞ്ഞെടുപ്പ് കീറാമുട്ടിയാകുമെന്ന ഭീതിയുമുണ്ട്. സിദ്ദരാമയ്യയും ഡി കെ ശിവകുമാറും ജയത്തിന്റെ അവകാശികളായി രംഗത്തുണ്ട്. അച്ഛനാണ് മുഖ്യമന്ത്രിയെന്ന സിദ്ദരാമയ്യയുടെ മകൻ യതീന്ദ്രയുടെ പ്രസ്താവന വലിയ സൂചനയാണ്. ഞായറാഴ്ച ബംഗളൂരുവിൽ കോൺഗ്രസ് നിയമസഭാകക്ഷി യോഗം ചേരും. ഉച്ചയോടെ മുഖ്യമന്ത്രി ആരെന്ന് പ്രഖ്യാപിക്കുമെന്നാണ് വിവരം. ജയിച്ചവരെയെല്ലാം ബംഗളൂരുവിലെത്തിച്ചത് പഴയ അട്ടിമറി പ്പേടിയിലാണ്.

മുംബൈ, ഹൈദരാബാദ് – കർണാടക മേഖലകളിൽ വ്യക്തമായ മുന്നേറ്റം കോൺഗ്രസിനുണ്ടായി. മധ്യ കർണാടകത്തിലും ബംഗളൂരു നഗരമേഖലയിലും കുതിച്ചു. പഴയ




മൈസൂരു മേഖലയിൽ ജെഡിഎസിനെയും മറികടന്ന് കോൺഗ്രസ് നേട്ടമുണ്ടാക്കി. ഉഡുപ്പി, ഉത്തര, ദക്ഷിണ ജില്ലകൾ ഉൾപ്പെടുന്ന തീര കർണാടകത്തിൽ മാത്രമാണ് ബിജെപി പിടിച്ചുനിന്നത്.

മുംബൈ, ഹൈദരാബാദ് മേഖലയിൽ ബിജെപിയെ എല്ലാക്കാലത്തും പിന്തുണച്ച ലിംഗായത്ത് വിഭാഗം കോൺഗ്രസിനൊപ്പംനിന്നെങ്കിലും കോൺഗ്രസിലെത്തിയ ജഗദീഷ് ഷെട്ടാർ തോറ്റത് ക്ഷീണമായി. പഴയ മൈസൂരു മേഖലയിൽ ജനതാദളിന്റെ വോട്ടുബാങ്കായ വൊക്കലിഗ വിഭാഗവും കോൺഗ്രസിനൊപ്പം നിന്നു. മലയാളികളായ മുൻമന്ത്രി യു ടി ഖാദർ (മംഗളൂരു), എൻ എ ഹാരിസ് (ശാന്തി നഗർ), കെ ജെ ജോർജ് (സർവജ്ഞ നഗർ) എന്നിവരും ജയിച്ചു. എന്നാൽ ചില പ്രതികരണങ്ങൾ നടത്തിയതൊഴിച്ചാൽ, കർണാടകത്തിലെ വിജയം ആഘോഷിക്കാൻ കേരളത്തിലെ കോൺഗ്രസ് നേതൃത്വം ആഹ്വാനം ചെയ്യാതിരുന്നത് അണികളിൽ ചർച്ചയായി. നേതൃത്വം തുടരുന്ന ബിജെപി അനുകൂല നിലപാടിന്റെ തുടർച്ചയാണിതെന്നും വിമർശനമുയർന്നു.

## രാജ്യം ബിജെപിയുടെ പതനം ആഗ്രഹിക്കുന്നു: പിണറായി

**സ്വന്തം ലേഖകൻ**

**കൊല്ലം**

അജയ്യരാണെന്ന പ്രതീതി സൃഷ്ടിച്ച് എല്ലാം പിടിച്ചടക്കാനുള്ള ബിജെപിയുടെ നീക്കത്തിന് ജനങ്ങൾ നൽകിയ തക്കതായ മറുപടിയാണ് കർണാടക തെരഞ്ഞെടുപ്പുഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാജ്യമാകെ ബിജെപിയുടെ പതനം ആഗ്രഹിക്കുന്നു. ബിജെപി ഒന്നുകൂടി അധികാരത്തിൽ വന്നാൽ അത് സർവനാശമാകും. അതിനെതിരെ അണിനിരത്താൻ കഴിയുന്നവരെയെല്ലാം കൂട്ടിയോജിപ്പിക്കണം. അതിനു കോൺഗ്രസ് കാര്യമായ വിട്ടുവീഴ്ചചെയ്യണം. പ്രാദേശിക രാഷ്ട്രീയ കക്ഷികൾ വളരെ സ്വാധീനമുള്ളവരാണ്. പഴയ പ്രതാപത്തിലാണെന്ന ധാരണ കോൺഗ്രസിനു വേണ്ടെന്നും എൽഡിഎഫ് കുണ്ടറ മണ്ഡലം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പറഞ്ഞു. പരാജയപ്പെട്ടിടത്തും കോൺഗ്രസ് എംഎൽഎമാരുടെ സഹായത്താൽ ബിജെപി അധികാരത്തിൽ വന്നിട്ടുള്ള അനുഭവം നമുക്ക് മുന്നിലുണ്ടെന്നും പിണറായി ചൂണ്ടിക്കാട്ടി.

### ഉപതെരഞ്ഞെടുപ്പ്

- പഞ്ചാബിലെ ജലന്ധർ ലോക്സഭാസീറ്റിൽ എഎപി
- ഒഡിഷയിലെ ജാർസുഗുഡ സീറ്റ് ബിജു ജനതാദൾ നിലനിർത്തി
- യുപിയിലെ രണ്ട് ഉപതെരഞ്ഞെടുപ്പിലും അപ്ന ദൾ ജയിച്ചു


P06
ഒടുക്കത്തിന്റെ തുടക്കം






300% ഫസ്റ്റ് ഡിപ്പോസിറ്റ് ബോണസ് | 50% സെക്കൻഡ് ഡിപ്പോസിറ്റ് ബോണസ് | തികച്ചും 5% ലോസ്സ്ബാക്ക് ബോണസ് ഓരോ മാച്ചിലും | 9% റീഡിപ്പോസിറ്റ് ബോണസ് | തൽക്ഷണ പിൻവലിക്കൽ

18+ന് മാത്രം | ഈ ഗെയിം സാമ്പത്തിക അപകടസാധ്യതയുടെ ഒരു ഘടകം ഉൾപ്പെടുന്നതും അഡിക്ഷൻ ഉണ്ടാക്കാവുന്നതമാണ്. ദയവായി ഉത്തരവാദിത്തത്തോടെ നിങ്ങളുടെ സ്വന്തം റിസ്ക്കിൽ കളിക്കുക.

ഈ പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യവുമായി ബന്ധപ്പെട്ട് വാഗ്ദാനം ചെയ്യപ്പെട്ട ഏതെങ്കിലും അവകാശവാദങ്ങൾക്കു വേണ്ടി പണം അയയ്ക്കുന്നതിന് മുമ്പ് ന്യായമായ അന്വേഷണങ്ങൾ നടത്താനും ശരിയായ ഉപദേശം തേടാനും വായനക്കാരോട് അഭ്യർത്ഥിക്കുന്നു. Deshabhimani Publications പരസ്യ ഏജൻസിയും തന്റെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച് പരസ്യക്കാരൻ നടത്തുന്ന അവകാശവാദങ്ങളുടെ യാതൊരു ഉത്തരവാദിത്തവും ഏറ്റെടുക്കുന്നില്ല. പരസ്യക്കാരൻ അത്തരം അവകാശവാദങ്ങൾ മാനിക്കുന്നില്ലെങ്കിൽ അതിന്റെ അനന്തരഫലങ്ങൾക്ക് Deshabhimani Publications. Deshabhimani ന്റെ പ്രിന്റർമാർ, പ്രസാധകർ, എഡിറ്റർമാർ, ഉടമകൾ എന്നിവരെ ഉത്തരവാദിയായി കണക്കാക്കാനാവില്ല.